(ഇ) കാവേരി നദിയിലേക്ക് കേരളത്തിന്റെ സംഭാവനയായ 147 ടി. എം. സി. ജലത്തിൽനിന്നും വിവിധ പദ്ധതികൾക്കായി 99.8 റ്റി. എം. സി. ജലത്തിന്റെ അവകാശം കാവേരി നദീജല തർക്ക ട്രൈബ്യൂണൽ മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്.

(എഫ്) കാവേരി നദീജലത്തിൽനിന്നും അർഹമായ വിഹിതം ലഭിക്കുന്നതിനുവേണ്ടി കാവേരി നദീജല തർക്ക ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കാവേരി നദീജലത്തിൽനിന്നും 99.8 റ്റി. എം. സി. ജലം ലഭിക്കുന്നതിനുവേണ്ടി 21 പദ്ധതികളുടെ പ്രിലിമിനറി റിപ്പോർട്ട് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. കേരളത്തിന്റെ അവകാശം ശക്തിയുക്തം ട്രൈബ്യൂണൽ മുമ്പാകെ അവതരിപ്പിക്കുന്നതിനായി ശ്രീ. കപിൽസിവിൽ, ഡോ. രാജീവ് ദവാൻ എന്നിവരെ സീനിയർ കൗൺസിലറായും ശ്രീ. രാധാകൃഷ്ണൻ, ശ്രീ. ഗൗതം നാരായൺ എന്നിവരെ ജൂനിയർ കൗൺസിലറായും നിയമിച്ചിട്ടുണ്ട്. ഇങ്ങനെ അർഹമായ വിഹിതം കിട്ടുന്നതിനുവേണ്ടി നിയമപരവും ഭരണപരവുമായ എല്ലാവിധ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുനരവലോകനം

107 [5872] ശ്രീ. സി. പി. മുഹമ്മദ്:
„ ടി. യു. രാധാകൃഷ്ണൻ:
„ എ. ഡി. മുസ്തഫ:
„ ജോർജ്ജ് ജെ. മാത്യു:
„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുനരവലോകനം ചെയ്യേണ്ടത് എന്നായിരുന്നു;

(ബി) പ്രസ്തുത കരാർ പുനരവലോകനം ചെയ്യാൻ എത്രകാലം വേണ്ടിവരും;

(സി) ഈ കരാർ പുനരവലോകനം ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ;

(ഡി) ഈ കരാറിന്റെ പുനരവലോകനം സംബന്ധിച്ച് എസ്റ്റിമേറ്റ് കമ്മിറ്റി, സബ്ജക്റ്റ് കമ്മിറ്റി, നിയമസഭാ സ്പെഷ്യൽ കമ്മിറ്റി എന്നിവ എന്തെല്ലാം ശുപാർശകളാണ് നൽകിയിട്ടുള്ളത്;

(ഇ) ഈ കമ്മിറ്റികളുടെ ശുപാർശകളുടെ വെളിച്ചത്തിൽ പ്രസ്തുത കരാർ പുനരവലോകനം നടത്തുകയോ കരാർ റദ്ദാക്കുകയോ ചെയ്യാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 1988 നവംബർ 9.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1958-മുതൽ പ്രാബല്യമുള്ള പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ ഒപ്പുവെച്ചത് 1970-ലാണ്. മുപ്പതുവർഷത്തിലൊരിക്കൽ പുനരവലോകനം ചെയ്യേണ്ട കരാറിന്റെ പുനരവലോകന ചർച്ചകൾ 1988 മുതൽ തുടങ്ങിയിരുന്നു.

(സി) കരാർ പുനരവലോകനം സംബന്ധിച്ച് 1988 മുതൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ വിവിധ തലങ്ങളിൽ ചർച്ച നടന്നുവരികയാണ്. ഇരു സംസ്ഥാനങ്ങളും തമ്മിൽ അഭിപ്രായ ഐക്യം ഉണ്ടാകാത്തതാണ് പുനരവലോകനം നീണ്ടുപോകുന്നതിനു കാരണം.

(ഡി) പുനരവലോകനം സംബന്ധിച്ച് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശുപാർശകൾ:

(1) കരാർ പുനരവലോകനം ചെയ്യുമ്പോൾ ചിറ്റൂർ പുഴയ്ക്ക് കീഴ്നദീതട അവകാശം ഉറപ്പുവരത്തക്കവിധം ജലത്തിൽ മതിയായ വർദ്ധനവ് വരുത്തുക.

(2) ആളിയാർ റിസർവോയറിലെ ജലസംഭരണം തമിഴ്നാടിന് 5.5 ടി. എം. സി.-ക്കും കേരളത്തിന് 1 ടി. എം. സി.-ക്കുംവേണ്ടി കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ആളിയാർ ഡാമിന്റെ നിർമ്മാണച്ചെലവും അറ്റകുറ്റപ്പണികൾക്കും വേണ്ടിവരുന്ന ചെലവ് തമിഴ്നാടും കേരളവും 11:2 എന്ന അനുപാതത്തിൽ വഹിക്കേണ്ടതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ ആളിയാർ ഡാമിന്റെ പ്രയോജനമെന്നനിലയിൽ 1 ടി. എം. സി. ജലവും കൂടുതലായി ടി അനുപാതത്തിൽ ചിറ്റൂർ പുഴയ്ക്ക് ലഭ്യമാക്കുക.

(3) കരാർ പുനരവലോകനം ചെയ്യുന്ന അവസരത്തിൽ നഷ്ടപ്പെട്ട വൈദ്യുതിക്ക് തുല്യമായ തോതിൽ വൈദ്യുതി തമിഴ്നാട്ടിൽനിന്നും ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തുക.

(4) കെട്ടിടങ്ങളും ഭൂമിയും വിട്ടുകിട്ടുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക.

(5) സംസ്ഥാനത്തിന്റെ ഉത്തമതാൽപര്യം കണക്കിലെടുത്ത് 1989-ലെ മെമ്മോറാണ്ടം പാടെ മാറ്റിയെഴുതുകയും കൂടാതെ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ജലസേചന വകുപ്പുമന്ത്രി, വിദ്യുച്ഛക്തി വകുപ്പുമന്ത്രി, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ എന്നിവർ ഉൾപ്പെടുന്ന ഒരു ഉന്നത സമിതി രൂപീകരിച്ച് പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ കാലാകാലങ്ങളിൽ അവലോകനം ചെയ്യുകയും ടി സമിതി ഒരു സ്ഥിരം സംവിധാനമായി നിലനിറുത്തുകയും ചെയ്യുക.

സബ്ജക്ട് കമ്മിറ്റി 3 —1992 ജനുവരി 14-ാം തീയതി കൂടിയ യോഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്തു:

(1) പറമ്പിക്കുളം - ആളിയാർ പദ്ധതി കരാർ പുതുക്കാത്തതുമൂലം കേരളത്തിനുണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

(2) പറമ്പിക്കുളം, തുണക്കടവ്, നീരാർ എന്നീ ജലസംഭരണിയിൽനിന്നും കേരളത്തിനു ലഭിക്കേണ്ട ജലം ലഭിക്കാത്ത സാഹചര്യത്തിൽ ജലവിതാനം അളന്നു തിട്ടപ്പെടുത്തുന്നതിന് ജല സംഭരണികളിലെ ഗേജിംഗ് സ്റ്റേഷനുകളിൽ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർക്ക് ഇൻസെന്റീവ് നൽകുകയും ഒരു വർഷം കഴിഞ്ഞാൽ അവർ ആവശ്യപ്പെടുന്ന സ്ഥലത്തേക്ക് പോസ്റ്റിംഗ് നൽകുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 10-6-2002-ൽ ചെന്നൈയിൽ വച്ചുകൂടിയ മന്ത്രിതല ചർച്ചയിൽ ഇരു സംസ്ഥാനങ്ങളിലേയും മൂന്നു സാങ്കേതിക വിദഗ്ദ്ധന്മാർ ഉൾപ്പെടുന്ന ഒരു സാങ്കേതിക സമിതി പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനായി രൂപീകരിക്കുകയുണ്ടായി. സാങ്കേതിക സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് തീരുമാനങ്ങളെടുക്കുന്നതാണ്.

ചികിൽസാ മേഖലകളിൽ സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ട്

108 [5894] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ വ്യാപിച്ച ശേഷം അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ ചികിൽസാ മേഖലകളിൽ സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഫണ്ടുകളുടെ കാര്യക്ഷമമായതും ക്രമരഹിതവുമായ വിനിയോഗം നിരീക്ഷിക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) മുൻകാലങ്ങളിൽ ഇതുപോലെയുള്ള സന്ദർഭങ്ങളിൽ അനുവദിച്ചിട്ടുള്ള ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ നടന്നിട്ടുള്ള വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്പോൾ സർക്കാർ അനുവദിച്ചിട്ടുള്ള ഇത്തരം ഫണ്ടുകളുടെ വിനിയോഗത്തെ സംബന്ധിച്ച് സൂക്ഷ്മമായ പരിശോധനകൾക്ക് വിധേയമാക്കുമോ?

ഉത്തരം

(എ) (1) അലോപ്പതി .. 495 ലക്ഷം രൂപ
(2) ആയുർവേദം .. 20 ലക്ഷം രൂപ
(3) ഹോമിയോപ്പതി .. 20 ലക്ഷം രൂപ

(ബി) കാര്യക്ഷമവും ക്രമപ്രകാരവുമുള്ള വിനിയോഗം ഉറപ്പാക്കുന്നതാണ്.

(സി) ഫണ്ട് ദുരുപയോഗപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇപ്പോൾ അനുവദിച്ചിട്ടുള്ള ഇത്തരം ഫണ്ടുകളുടെ വിനിയോഗത്തെ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ കൊടുത്തിട്ടുള്ളതാണ്. ഇതിന്റെ ചെലവുകൾ ആഡിറ്റിന് വിധേയമാക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly